# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1107   04.12.2014 -ലെ മറുപടിയ്ക്ക്**

**ഹയർ സെക്കണ്ടറി സ്കൂളുകളിലെ ഗസ്റ്റ് അധ്യാപകരുടെ വേതന കുടിശ്ശിക**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. ഇ. എസ്. ബിജിമോൾ | ശ്രീ. പി. കെ. അബ്ദുറബ്ബ്.<br>(ബഹു:വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) 2012-13 അധ്യായന വർഷം ഹയർ സെക്കണ്ടറി സ്കൂളുകളിൽ ജോലി ചെയ്ത ഗസ്റ്റ് അധ്യാപകർക്ക് വേതന കുടിശ്ശിക നല്കുവാനുണ്ടോ; വിശദാംശം ലഭ്യമാക്കുമോ ;<br><br>(ബി) വേതന കുടിശ്ശിക ലഭിക്കുവാൻ പ്രസ്തുത അധ്യാപകർ അർഹരാണ് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദവിവരം ലഭ്യമാക്കുമോ? | (എ) & (ബി) ഉണ്ട്.<br>2011—12 അധ്യയന വർഷം മുതൽ പ്രവർത്തനമാരംഭിച്ച അധിക ഹയർ സെക്കന്ററി ബാച്ചുകളിലേക്ക് റഗുലർ തസ്തിക സൃഷ്ടിക്കുന്നതുവരെ നിലവിലുള്ള നിയമങ്ങൾക്കനുസൃതമായി ദിവസവേതനാടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിക്കുന്നതിന് ഹയർ സെക്കന്ററി ഡയറക്ടർക്ക് അനുമതി നൽകിയിരുന്നു. ജോലിഭാരത്തിനനുസരിച്ച് തസ്തിക സൃഷ്ടിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത അദ്ധ്യാപകർക്ക് അപ്പോൾ വേതനം നൽകുവാൻ കഴിയുമായിരുന്നില്ല. പിന്നീട് പ്രസ്തുത ബാച്ചുകളിലേക്ക് റഗുലർ തസ്തിക സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ആയതിനാശേഷം ടി ബാച്ചുകളിൽ സേവനമനുഷ്ഠിച്ചിരുന്ന ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട അദ്ധ്യാപകർക്ക് വേതനം നൽകുന്നതിനുള്ള ശുപാർശ ഹയർ സെക്കന്ററി ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള നിയമങ്ങൾക്കും ജോലിഭാരത്തിനും അനുസൃതമായി നിയമിക്കപ്പെട്ട യോഗ്യരായ എല്ലാ ഗസ്റ്റ് അദ്ധ്യാപകർക്കും വേതനകുടിശ്ശിക നൽകുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ